# KERALA STATE FINANCIAL ENTERPRISES STAFF ASSOCIATION

KSFESA CITU

Reg. No. 180/71, Kottappuram Road, Thrissur - 4, Ph : 0487-2384321
(Affiliated to C.I.T.U. No. K. 1128)
E-mail : ksfesacitu@yahoo.co.in
Website : www.ksfesa.com

President
A.K. Balan MLA
Mob : 9846361111

General Secretary
S. Muraleekrishna Pillai
Mob : 9446538432


---

## സർക്കുലർ : 2 / 2013

03-08-2013

സഖാക്കളെ,

സംഘടനയുടെ സംസ്ഥാന സമ്മേളനത്തിനുശേഷമുള്ള ആദ്യ സംസ്ഥാനകമ്മറ്റി 30 - 07 - 2013 - ന് തൃശൂരിലുള്ള സംസ്ഥാന കമ്മറ്റി ഓഫീസിൽ പ്രസിഡന്റ് സ: എ.കെ. ബാലൻ MLA യുടെ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി. സഖാക്കൾ ശശി സി., രഘു എസ്., അനിൽകുമാർ പി.വി., ജസിൽകുമാർ വി.കെ. എന്നിവർക്ക് അവധിയനുവദിച്ചു.

**അനുശോചനം** : CPI(M)ന്റെയും CITUന്റെയും തലമുതിർന്ന നേതാക്കളിൽ ഒരാളായിരുന്ന സ: സമർ മുഖർജി, ഉത്തരാഖണ്ഡ് ദുരന്തത്തിൽ മരണമടഞ്ഞവർ, മഴക്കെടുതിയിൽ മരണമടഞ്ഞവർ തുടങ്ങി ഈ കാലയളവിൽ നമ്മെ വിട്ടു പിരിഞ്ഞ മുഴുവൻ പേരുടെയും വേർപാടിൽ യോഗം അനുശോചനം രേഖപ്പെടുത്തി.

ജനറൽ സെക്രട്ടറി സമ്മേളനശേഷമുള്ള പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. സമ്മേളന റിവ്യൂ അടുത്തുകൂടുന്ന കമ്മറ്റിയിൽ നടത്തുവാൻ തീരുമാനിച്ചു. തുടർന്ന് സ്ഥാപനത്തിൽ നിലനില്ക്കുന്ന അടിയന്തിര പ്രാധാന്യമുള്ള വിഷയങ്ങൾ അവതരിപ്പിച്ചു ചർച്ച നടത്തി. തൊഴിലാളികളുടെ വിഷയങ്ങളും സ്ഥാപനം നേരിടുന്ന വിഷയങ്ങളും ഒന്നായി കണ്ടു കൊണ്ട് പരിഹരിക്കുവാൻ പ്രസിഡന്റ് എന്ന നിലയിലും MLA എന്ന നിലയിലും ഇടപെടേണ്ട വേദികളിൽ എത്തിച്ച് പരിഹാരം കാണുവാൻ ഒന്നിച്ചു നീങ്ങാമെന്ന് സ: എ.കെ. ബാലൻ MLA ആഹ്വാനം ചെയ്തു. ഇന്നുതന്നെ ചെയർമാനു നിവേദനം നല്കുകയും തുടർന്ന് ധനമന്ത്രിയെ കാണാമെന്നും അറിയിച്ചു.

നിവേദനത്തിൽ ഉൾപ്പെടുത്തേണ്ട പ്രധാന വിഷയങ്ങൾ അംഗീകരിച്ചുകൊണ്ട് യോഗം അവസാനിച്ചു.

അഭിവാദനങ്ങളോടെ,

**എസ്. മുരളീകൃഷ്ണപിള്ള**
(ജനറൽ സെക്രട്ടറി)



KSFE യിലെ അടിയന്തിര പ്രാധാന്യമർഹിക്കുന്ന വിഷയങ്ങൾ പരിഹരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് KSFESA-CITU സംസ്ഥാന പ്രസിഡന്റ് സ: എ.കെ. ബാലൻ MLA യുടെ നേതൃത്വത്തിൽ ചെയർമാനു നിവേദനം സമർപ്പിക്കുന്നു.

30-07-2013-ന് ഉച്ചകഴിഞ്ഞ് 3 മണിക്ക് ചെയർമാൻ ശ്രീ. പി.റ്റി. ജോസിനെ സ്റ്റാഫ് അസോസിയേഷൻ പ്രസിഡന്റ് ശ്രീ. എ.കെ. ബാലൻ എം.എൽ.എ.യുടെ നേതൃത്വത്തിൽ നൽകിയ നിവേദനത്തിന്റെ പകർപ്പ് ചുവടെ കൊടുക്കുന്നു.

സ്വീകർത്താവ്

ശ്രീ. പി. റ്റി. ജോസ്

ബഹു. ചെയർമാൻ

കെ.എസ്.എഫ്.ഇ. ലിമിറ്റഡ്

തൃശ്ശൂർ

സർ,

വിഷയം: അടിയന്തിരമായ തൊഴിൽ പ്രശ്നങ്ങൾ – പരാതി സമർപ്പിക്കുന്നത് – സംബന്ധിച്ച്

സൂചന : 1. G.O. (MS) No. 95/08/TD/8.5.2008

2. G.O. (MS) No. 286/2010/TD/10.12.2010

താഴെ കൊടുക്കുന്ന പ്രശ്നങ്ങൾ താങ്കളുടെ വിശദമായ പരിശോധനയ്ക്കും വേഗത്തിലുള്ള പരിഹാരത്തിനുമായി സമർപ്പിക്കുന്നു.

**1. കേന്ദ്രചിട്ടിനിയമം – '82, KSFEക്കു പ്രത്യേക സംരക്ഷണം ഉറപ്പുവരുത്തുക.**

1975-ലെ കേരളാ ചിട്ടി നിയമത്തിൽ KSFE ക്കു ലഭിച്ചിരുന്ന എല്ലാ ഇളവുകളും പ്രത്യേക അവകാശങ്ങളും തുടർന്നും ലഭിക്കുന്നതിന്, യൂണിയനുകളെ വിശ്വാസത്തിലെടുത്തുകൊണ്ട്, പരസ്പരധാരണയോടും ഐക്യത്തോടും പ്രവർത്തിക്കണമെന്നാവശ്യപ്പെടുന്നു. കേന്ദ്രനിയമം വകുപ്പ് 4(1) പ്രകാരം ചിട്ടി ആരംഭിക്കുന്നതിന് മുൻകൂർ അനുമതി വാങ്ങണമെന്ന വ്യവസ്ഥയിൽനിന്നും കെ.എസ്.എഫ്.ഇ.യെ ഒഴിവാക്കുക, കേന്ദ്ര നിയമം വകുപ്പ് 8(3) പ്രകാരം ലാഭത്തിന്റെ 10% റിസർവ്വ് ഫണ്ടിലേക്ക് മാറ്റണമെന്ന വ്യവസ്ഥയിൽനിന്നും KSFEയെ ഒഴിവാക്കുക, കേന്ദ്ര നിയമപ്രകാരം രജിസ്റ്റർ ചെയ്ത ചിട്ടികളുടെ ചിട്ടി സെക്യൂരിറ്റി നിക്ഷേപമായി ഏകദേശം 400 കോടിയിൽ അധികം രൂപ ട്രഷറിയിൽ പലിശ വരുമാനമില്ലാതെ കിടക്കുന്നു. KSFEയുടെ liquidityയെ ഇത് പ്രതികൂലമായി ബാധിക്കുന്നു. അർഹിക്കുന്ന ഗൗരവത്തോടെ ഈ പ്രശ്നങ്ങൾ സർക്കാരിന്റെ മുമ്പാകെ കൊണ്ടുവന്ന് അടിയന്തിരമായി പരിഹരിക്കണമെന്ന് ആവശ്യപ്പെടുന്നു.

**II. അസിസ്റ്റന്റ് മാനേജർ തസ്തികയിലേക്കുള്ള പ്രമോഷൻ**

സംഘടന നടത്തിയ പഠനത്തിൽ സ്ഥാപനത്തിൽ അസി. മാനേജർ തസ്തികയിൽ ധാരാളം ഒഴിവുകൾ ഉണ്ട്. എന്നാൽ ഈ ഒഴിവുകൾ കണ്ടെത്തി നികത്തുവാൻ മാനേജുമെന്റ് ശ്രമിക്കുന്നില്ല. വിശദാംശങ്ങൾ താഴെ നല്കുന്നു.

1. സർക്കാർ ഉത്തരവ് സൂചന 1 പ്രകാരം ബ്രാഞ്ച് മാനേജരിൽ താഴെയുള്ള ഒരു ഓഫീസറെ എല്ലാ സൂപ്പർ ബ്രാഞ്ചുകളിലും നിയമിക്കാം. മാനേജർ തസ്തികയിൽ ഒഴിവുകൾ നികത്താൻ ആളില്ലാത്തതിനാൽ സൂപ്പർ ബ്രാഞ്ചുകളിലെ ജൂനിയർ മാനേജർമാരെ ഇപ്പോൾ പിൻവലിച്ചിരിക്കുകയണ്. അതേസമയം അസിസ്റ്റന്റ് കേഡറിലെ നൂറുകണക്കിനാളുകൾ അസിസ്റ്റന്റ് മാനേജരാകുവാൻ eligible ആയി കാത്തിരിക്കുകയാണ്. ആയതിനാൽ സൂപ്പർ ശാഖകളിലെ ഒഴിവുള്ള മുഴുവൻ ഓഫീസർ തസ്തികയിലേക്കും സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അസിസ്റ്റന്റുമാരെ പ്രമോട്ടുചെയ്തു നിയമിക്കണമെന്ന് ആവശ്യപ്പെടുന്നു.

2. കൂടാതെ കഴിഞ്ഞ 6 മാസത്തിനിടെ അസി. മാനേജർ തസ്തികയിൽ പ്രമോഷനിലൂടെയും റിട്ടയർമെന്റ് മുഖേനയും ഉണ്ടായ ഒഴിവുകൾ നികത്താതെ കിടക്കുകയാണ്. ഉടനടി ഈ ഒഴിവുകൾ നികത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെടുന്നു.

3. സൂചന (1) പ്രകാരം HO/RO ബിസിനസ് ഡിപ്പാർട്ടുമെന്റുകൾ ശക്തിപ്പെടുത്തിയിട്ടും ബ്രാഞ്ചുകളിൽ ഈ നിലയ്ക്കുള്ള നടപടി ഉണ്ടായിട്ടില്ല. ദീർഘകാലമായി ഞങ്ങൾ ഉയർത്തുന്ന ആവശ്യമാണ് ബ്രാഞ്ചുകളിൽ ബിസിനസ് വികസനത്തിനും മാർക്കറ്റിംഗിനും കസ്റ്റമർ റിലേഷൻ ശക്തിപ്പെടുത്തുന്നതിനും കുടിശ്ശികനിവാരണത്തിനും മാത്രമായി ഒരു അസിസ്റ്റന്റ് മാനേജരെ നിയമിക്കണമെന്നുള്ളത്. ഇങ്ങനെ ഒരു തസ്തിക സൃഷ്ടിക്കപ്പെടുകവഴി ബ്രാഞ്ചുകളിലെ ഏജൻസി ശൃംഖലയിൽ പെടുന്ന എല്ലാ കാര്യങ്ങളും (Door/Collection നുമായി ബന്ധപ്പെട്ടവ ഉൾപ്പെടെ) ഇവരുടെ നിയന്ത്രണത്തിലാക്കാൻ കഴിയും. മാത്രവുമല്ല Door Collection -ൽ കുറച്ചു നാളായി നിലനില്ക്കുന്ന തെറ്റായ പ്രവണതകളെ നിയന്ത്രിക്കുവാനും സാധിക്കും.

4. പുതിയതായി തുടങ്ങുന്ന ബ്രാഞ്ചുകളിൽ അസിസ്റ്റന്റ് മാനേജർമാരെ നിയമിക്കുന്നത് ഏകപക്ഷീയമായി മാനേജ്മെന്റ് നിർത്തലാക്കിയിരിക്കുകയാണ്. യഥാർത്ഥ വസ്തുത മനസ്സിലാക്കാതെ കൈക്കൊണ്ട തൊഴിലാളിവിരുദ്ധ സമീപനമാണിത്. ഉടനടി ആവശ്യമായ മാറ്റങ്ങൾ കൈക്കൊള്ളണം.

**അസിസ്റ്റന്റിന്റെ സീനിയോറിറ്റി ലിസ്റ്റിലെ അപാകത പരിഹരിക്കുക**

അസിസ്റ്റന്റിന്റെ സീനിയോരിറ്റി ലിസ്റ്റ് തയ്യാറാക്കിയിരുന്നത് PSC യുടെ Advice നെ അടിസ്ഥാനമാക്കിയായിരുന്നു. എന്നാൽ ഇപ്പോൾ ഇതിനു മാറ്റം വരുത്തി Join ചെയ്ത തീയതി ആണ് കണക്കാക്കുന്നത്. ഇത് നിയമത്തിന്റെയും ചട്ടങ്ങളുടെയും ലംഘനമാണ്. ഇക്കാര്യത്തിൽ ഉണ്ടായിട്ടുള്ള അപാകതകൾ എത്രയുംവേഗം ദൂരീകരിക്കണം.

**ശമ്പളപരിഷ്ക്കരണം – 25% ഇടക്കാലാശ്വാസം നല്കുക.**

KSFE ജീവനക്കാരുടെ ശമ്പളക്കരാറിന്റെ കാലാവധി 31-07-2012-ൽ അവസാനിച്ചിരിക്കുകയാണ്. ഉടനടി ചർച്ചക്കു വിളിച്ചുകൊണ്ട് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെടുന്നു. ശമ്പളത്തിന്റെ 25% ഇടക്കാലാശ്വാസം നല്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാവശ്യപ്പെടുന്നു.

**5. ശമ്പളപരിഷ്ക്കരണ കരാറിലെ തൊഴിലാളി വിരുദ്ധ വകുപ്പ് ഭേദഗതി ചെയ്യുക.**

കഴിഞ്ഞ ശമ്പള പരിഷ്ക്കരണ കരാർ സർക്കാർ ഉത്തരവായി പുറത്തിറങ്ങിയപ്പോൾ അപാകത മൂലം ഓഫീസർ വിഭാഗം ജീവനക്കാർക്ക് ഉഭയകക്ഷി കരാർ ഒപ്പിട്ട ദിവസംമുതൽ അലവൻസുകൾ നല്കുകയും വർക്കുമെൻ വിഭാഗം ജീവനക്കാർക്ക് സർക്കാർ ഉത്തരവായ തീയതിമുതൽ ഈ ആനുകൂല്യങ്ങൾ ലഭിക്കുകയുമാണ് ചെയ്തത്. ഇതു തികച്ചും തൊഴിലാളി വിരുദ്ധമാണ്. സംഘടന ബഹു. മുഖ്യമന്ത്രി ഉമ്മൻചാണ്ടിക്കും, ധനകാര്യമന്ത്രി ശ്രീ. കെ.എം. മാണിക്കും നിവേദനം നല്കിയിട്ടുണ്ട്. മാനേജ്മെന്റ് അടിയന്തിരമായി സർക്കാരുമായി ഇടപെടൽ നടത്തി ഈ പ്രശ്നത്തിനു പരിഹാരമുണ്ടാക്കണമെന്നഭ്യർത്ഥിക്കുന്നു.

**6. Despatch Assistant ന്റെ ജോലിയും ഉത്തരവാദിത്ത്വവും നിർണ്ണയിച്ചു നൽകുക.**

**7. ഓഫീസർ – വർക്കുമെൻ വിഭാഗം ജീവനക്കാരുടെ ട്രാൻസ്ഫർ നോംസിലെ വിവേചനം പരിഹരിക്കുക.**

വർക്കുമെൻ ട്രാൻസ്ഫർ നോംസിലെ വകുപ്പ് III (10) പ്രകാരം വർക്കുമെൻ ജീവനക്കാരൻ 10 വർഷത്തെ സർവ്വീസിൽ 3 വർഷം നിർബന്ധമായും മലബാർ സർവ്വീസ് ചെയ്തിരിക്കണം. അതേസമയം ഓഫീസർ ട്രാൻസ്ഫർ നോംസ് ക്ലോസ് (15) പ്രകാരം ആഫീസർ തസ്തികയിൽ ഉള്ളവർ മൊത്തം സർവ്വീസിൽ ഒരു വർഷംമാത്രം മലബാർ സർവ്വീസ് ചെയ്താൽ മതിയാകും. (മാത്രവുമല്ല 7 മാസം ജോലി ചെയ്താൽ ഒരു വർഷമായി കണക്കാക്കുകയും ചെയ്യും.) ഈ വിവേചനം ഉടനടി പരിഹരിക്കണമെന്നാവശ്യപ്പെടുന്നു.

**8. KSFE എംപ്ലോയീസ് വെൽഫയർ സഹകരണസംഘത്തിലെ രണ്ടു ഭാരവാഹികൾക്കു ഇളവുകൾ നല്കുക.**

16-08-1984-ലെ ഉഭയകക്ഷി കരാർ 11(A) പ്രകാരം സൊസൈറ്റിയിലെ രണ്ടു ഭാരവാഹികൾക്ക് സൊസൈറ്റി ആസ്ഥാനത്തുതന്നെ നിയമനം നൽകേണ്ടതാണ്. സൊസൈറ്റിയിൽ പ്രശ്നങ്ങൾ നിലനില്ക്കുന്ന ഈ

സമയത്തും പ്രസിഡന്റും സെക്രട്ടറിയും വിദൂരസ്ഥലത്താണ് ജോലി ചെയ്യുന്നത്. കരാറിന്റെ സത്ത ഉൾക്കൊണ്ടുകൊണ്ട് നടപടി സ്വീകരിക്കണമെന്നും സൊസൈറ്റി സെക്രട്ടറിയായ ശ്രീ. ഷുബി അലി എം.ന് തിരുവനന്തപുരം റീജിയണൽ ഓഫീസിൽ നിയമനം നല്കണമെന്നും അഭ്യർത്ഥിക്കുന്നു.

ഇതുകൂടാതെ സംഘടന ആവശ്യപ്പെടുന്ന 5 പേരെ Head Office ലും 2 പേരെവീതം മേഖലാഓഫീസിലും നിയമിക്കണമെന്നും ആവശ്യപ്പെടുന്നു. കുറഞ്ഞത് ഒരാളെ വീതം Establishment, ബിസിനസ്, കുടിശികവിഭാഗം, IT, Internal Audit വിഭാഗങ്ങളിലും നിയമിക്കണം. കൂടാതെ ജീവനക്കാരുടെ ക്ഷേമ പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യുന്ന എല്ലാ സീറ്റിലും സംഘടനയുടെ പ്രാതിനിധ്യം ഉറപ്പാക്കണമെന്ന് ആവശ്യപ്പെടുന്നു.

വിശ്വാസപൂർവ്വം

**എ.കെ. ബാലൻ MLA**
പ്രസിഡന്റ്

**മുരളീകൃഷ്ണപിള്ള എസ്.**
ജനറൽ സെക്രട്ടറി

## അനുബന്ധം :

1. ഓഫീസ് അറ്റന്റന്റ് പ്രമോഷൻ അനുപാതം ഉയർത്തുന്നതിനുള്ള ഫയൽ, എല്ലാ നടപടിക്രമങ്ങളും പൂർത്തിയാക്കി ക്യാബിനറ്റ് അംഗീകാരത്തിന്റെ പടിവാതിൽക്കൽ എത്തി, എന്നാൽ നിസ്സാരമായ കാരണങ്ങളാൽ തടയപ്പെട്ടിരിക്കുന്നു.
2. കഴിഞ്ഞ ശമ്പളപരിഷ്കരണത്തിൽ വർക്ക്മെൻ ജീവനക്കാരുടെ 6 മാസത്തെ ആനുകൂല്യങ്ങൾ നഷ്ടപ്പെടുത്തിയ ഉത്തരവ് ഭേദഗതി ചെയ്യണമെന്ന് ആവശ്യപ്പെട്ട് സംഘടന നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ സർക്കാരിൽനിന്നും 14460/H2/13/TD കത്ത് 1-07-2013-ന് മാനേജ്മെന്റിന് നൽകി. KSFE മാനേജ്മെന്റ് ഇതുവരെയും കത്തിന് മറുപടി നൽകിയിട്ടില്ല.
3. ബോണസ് / ഇൻസന്റീവ്

   കേന്ദ്ര ബോണസ് ആക്ട് പ്രകാരം KSFE യിലെ ഭൂരിപക്ഷം വരുന്ന ജീവനക്കാർക്കും ബോണസ് ലഭിക്കുകയില്ല. അതുകൊണ്ട് ഉയർന്ന നിരക്കിൽ ഇൻസന്റീവ് നൽകണമെന്ന് മാനേജ്മെന്റിനോട് ആവശ്യപ്പെടുവാൻ തീരുമാനിച്ചു. 2012-13-ലെ ശമ്പളത്തിന്റെ 25% നിരക്കിൽ Performance Insentive നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് സംഘടന കത്ത് നൽകിയിട്ടുണ്ട്. ഇൻസന്റീവ് പരമാവധി 50,000/-രൂപ പരിധി നിശ്ചയിക്കണമെന്നും താഴെക്കൊടുക്കുന്ന നിരക്കിൽ മിനിമം ഇൻസന്റീവ് തുക ഉറപ്പുവരുത്തണമെന്നും നാം ആവശ്യപ്പെട്ടിട്ടുണ്ട്.

| | | |
|---|---|---|
| പി.റ്റി. എംപ്ലോയീസ് | - | 10,000/- |
| ഒ.എ / ഡ്രൈവർ | - | 15,000/- |
| ഡസ്പാച്ച് അസിസ്റ്റന്റ്, അസിസ്റ്റന്റ് | - | 18,000/- |